കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.8/1314/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി :18-06-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 22, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, (ജനറൽ), മലപ്പുറം
3)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,(പെർഫോമൻസ് ഓഡിറ്റ് ), മലപ്പുറം

3)കാര്യാലയ പകർപ്പ്

എൽ. 6/19

നം. കെ.എസ്.എ.എം.പി.എം.8/1314/2019 തിയ്യതി: 18-06-2019

# മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-11-2017 മുതൽ 1-5-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീമതി. സുധാദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം :2-05-2019 മുതൽ 10-05-2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീമതി.സീനത്ത് .പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൽ റഷീദ്.എം.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. പി എം ആറ്റുണ്ണി തങ്ങൾ | 01-04-2017 മുതൽ 31-03-2018 വരെ |

## സെക്രട്ടറി

| | |
|---|---|
| ശ്രീ.ജോസ് കെ വി | 01.04.2017 മുതൽ 31.03.2018 വരെ |

## മറ്റു നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി.എഞ്ചിനിയർ | ശ്രീ. വാസു ടി പി | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി. സിനി ടി ഡി | 01.04.2017 മുതൽ 27.09.2017 വരെ |
| | ശ്രീ. മുനീർ റഹ്മാൻ | 28.09.2017 മുതൽ 31.03.2018 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ. ചന്ദ്രൻ കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. നിഷാന്ത് എം എൻ | 01.04.2017 മുതൽ 01.05.2017 വരെ |
| | ഡോ.ഇർഷാദ് റഹ്മാൻ കെ | 02.05.2017 മുതൽ 24.10.2017 വരെ |
| | ഡോ.സുനിൽ ലാൽ കാഞ്ഞീരത്തിങ്കൽ | 25.10.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) | ശ്രീമതി.ലളിത.കെ | 01.04.2017 മുതൽ 28.06.2017 വരെ |
| | ശ്രീമതി. സൗദാബി.കെ | 29.06.2017 മുതൽ 19.07.2017 വരെ |
| | ശ്രീമതി.ലളിത.കെ | 20.07.2017 മുതൽ 26.10.2017 വരെ |
| | ശ്രീമതി. സൗദാബി.കെ | 27.10.2017 മുതൽ 30.11.2017 വരെ |
| | ശ്രീമതി.ലളിത.കെ | 1.12.2017 മുതൽ 31.3.2018 വരെ |
| ക്ഷീര വികസന ഓഫീസർ (ഡി.ഇ.ഒ) | ശ്രീമതി. ബിന്ദുജ കെ എസ് | 01.04.2017 മുതൽ 01.08.2017 വരെ |
| | ശ്രീമതി. പ്രഭ എസ് | 02.08.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ (എെ.ഇ.ഒ) | ശ്രീ.മുഹമ്മദ് ഫവാസ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം II<br>**വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | |
| 13 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായ വിവരം അറിയിക്കേണ്ടതാണ് | 2-1 | |
| 14 | എച്.എം.സി.വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 2-2 | |
| | ഭാഗം III<br>**ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | |
| 15 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-1 | |
| 16 | എസ്.സി കോളനികളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല | 3-2 | |
| 17 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം-രേഖകൾ ലഭ്യമല്ല -തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 18 | സ്പെക്ട്രം സ്പെഷൽ സ്കൂൾ തുടർ പ്രവർത്തനം -വാഹനത്തിന് ഇന്ധനം വാങ്ങിയത് സ്റ്റോക്കിൽ കുറവ് രേഖപ്പെടുത്തി. | 3-4 | |
| 19 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമ പഞ്ചായത്ത് വിഹിതം -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-5 | |
| 20 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-6 | |
| 21 | സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. | 3-7 | |
| 22 | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആലംകോട് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം-പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-8 | |
| 23 | ശുചിത്വമഹത്വം, സുജീവിതം - നന്നംമുക്ക് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് ഷെയർ നൽകിയത് -ബാക്കിയുള്ള തുക തിരിച്ചടവാക്കേണ്ടതാണ്. | 3-9 | |
| 24 | മൂക്കുതല പ്രീ-മെടിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചർ-സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-10 | |

| | | | |
|---|---|---|---|
| 25 | പി.എച്ച്.സി പുതിയ കെട്ടിടത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും വിശ്രമമുറി സൗകര്യമൊരുക്കൽ- മുഴുവൻ ഇനങ്ങളും ലഭ്യമായിട്ടില്ല. | 3-11 | |
| 26 | ഐ.കെ.എം. വിഹിതം നൽകിയത് -കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. | 3-12 | |
| 27 | പകൽ വീട്-ഫർണ്ണീച്ചർ അനുബന്ധസൗകര്യങ്ങൾ - ഉപകരണങ്ങൾ വാങ്ങിയത് നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല | 3-13 | |
| 28 | പി.എം.എ.വൈ അധികവിഹിതം -അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 3-14 | |
| 29 | അംഗീകൃത മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് പഠന സൗകര്യം-രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-15 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 37 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 41 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| 42 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| 43 | ബാലൻസ് ഷീറ്റ് | 4 | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 1(1)/ 27-03-2017 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 25-05 -2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018മുതൽ 26.06.2018 വരെ | കെ.എസ്.എ.എം.പി.എം.8/1342/18<br>7-09-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,3972755 |
| വരവ് | 68276217 |
| ആകെ | 102248972 |
| ചെലവ് | 88861597 |
| നീക്കിയിരുപ്പ് | 13387375 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24022424 | 24022424 | 24022424 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7831000 | 7831000 | 7831000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8000 | 8000 | 8000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1814053 | 6748520 | 8562573 | 276578 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 3064000 | 3064000 | 3064000 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 53 | 73307353 | 51 | 43352287 | 0 | 2 | 96 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

# 1-8 ക്ഷേമപദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.05.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

# 1-10 ആഭ്യന്തരനിയന്ത്രണം

1)പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺവീനർ ഒഴികെയുള്ള അംഗങ്ങൾ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്റ്റുകളിലൊന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല. സ്ഥാപനത്തിൽ മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3)ഇൻക്യുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-11-2018 | 2017-18 | 1.4.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-07-2017 മുതൽ 10-07-2017 വരെ | 2016-17 | 17.9.2018 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(11-a) പ്രകാരം 11692421 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ഏതൊക്കെ പ്രവൃത്തികൾക്കാണ് പാർട്ട് ബിൽ നൽകിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7ലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരം KWA യിൽ ഡെപ്പോസിറ്റ് ചെയ്ത തുക 3400120 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം തുക 4978875 രൂപയാണ്.

4. സംയുക്ത പ്രൊജക്ടുകൾക്കായി വിവിധ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച തുകകളുടെ (code 320700203, 320700204, 320700205) വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുക, ചെലവ്, നീക്കി ബാക്കി എന്നിവ വ്യക്തമാവും വിധം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

6. സംയുക്ത പ്രൊജക്ടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടിൽ (-) ബാലൻസ് കാണുന്നു.

7. ബാലൻസ് ഷെഡ്യൂൾ ബി-1 പ്രകാരം Excess of income over expenditure എന്ന ഹെഡിൽ (-) 14583407 രൂപ വന്നത് ക്രമപ്രകാരമല്ല.

8. ഈ വർഷം 4 മരാമത്ത് പ്രവൃത്തികൾക്കായി ആകെ 4364940 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ RP- 40 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 3986473 രൂപ മാത്രമാണുള്ളത്.

9. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റെടുത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10. ഡെ ബുക്ക് പ്രിന്റെടുത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

12. ക്ഷീര വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ, മെഡിക്കൽ ഓഫീസർ (CHC) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ TR7A കാഷ് ബുക്കും, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ശിശു വികസന ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി കാഷ് ബുക്കും ഉപയോഗിക്കുന്നില്ല.

13. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ബ്ലോക്ക്പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ പ്രകാരം, പെരുമ്പടപ്പ്

ബ്ലോക്ക്പഞ്ചായത്ത് 2017-18 വർഷത്തിൽ ടെണ്ടർ ചെയ്ത 4 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാവാനുണ്ട്.

ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം

| ക്രമ നമ്പർ | പ്രൊജക്ട് | ടെണ്ടർ തിയ്യതി | ടെണ്ടർ തുക | കരാറുകാർ |
|---|---|---|---|---|
| 1 | സി.എച്ച്.സി മെയിന്റനൻസ് | 9-11-17 | 17,98,288 | 1.ശിവദാസൻ.ഇ<br>2എം.വി.ഭക്തവൽസലൻ |
| 2 | പെരുമുക്ക് എസ്.സി.കോളനി കുടിവെള്ള പദ്ധതി | 17-11-17 | 17,26,871 | ശിവദാസൻ.ഇ |
| 3 | തിയ്യത്ത് കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി | 1-1-18 | 6,22,759 | ബാബു.കെ,കളത്തിൽ |
| 4 | ചങ്ങരംകുളം ബസ്സ്റ്റാന്റ് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 19-3-18 | 38,00,000 | 1.വേലായുധൻ.എം<br>2.റഫീഖ്.കെ.എ<br>3.ബാബു.കെ |

ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( 9/8-5-19) മറുപടി ലഭ്യമായിട്ടില്ല. തുക തനത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 എച്.എം.സി.വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള മാറഞ്ചേരി സി.എച്.സിയിലെ മാനേജ്മെന്റ് കമ്മിറ്റിയുടെ 2014-15 മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയത് ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളിൽ താഴെ പറയും പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്ത നൽകിയിട്ടുണ്ടെങ്കിലും നിശ്ചിത ആവശ്യത്തിന് തുക വിനിയോഗിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

1. പ്രൊജക്ട് 31/18 SC വനിതകൾക്ക് ഇരുചക്രവാഹനം

ചെലവ് - 6,05,000 രൂപ (എസ്.സി.പി)

<u>ട്രഷറി ബിൽ നമ്പർ 2/16.9.17 6,05,000 രൂപ</u>

നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 121000 രൂപ.

ആലംകോട് ഗ്രാമപഞ്ചായത്ത് 121000 രൂപ.

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് 121000 രൂപ.

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് 121000 രൂപ.

വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് 121000 രൂപ.

ആലങ്കോട് ഗ്രാമ പഞ്ചായത്ത് മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത്.

2. പ്രൊജക്റ്റ് 24/18 SC വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കൽ

**ട്രഷറി ബിൽ നമ്പർ 1/14.9.17 5,00,000 രൂപ**

നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 1,00,000 രൂപ.

ആലംകോട് ഗ്രാമപഞ്ചായത്ത് 1,00,000 രൂപ.

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് 1,00,000 രൂപ.

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് 1,00,000 രൂപ.

വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് 1,00,000 രൂപ.

ആലങ്കോട് ഗ്രാമ പഞ്ചായത്ത് മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത്. സാക്ഷ്യപത്രത്തിൽ നടപ്പാക്കിയ പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ഇല്ല.

ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയിൽ ആലങ്കോട് ഗ്രാമപഞ്ചായത്തിന് നൽകിയ 2,21,000 ഒഴികെ ബാക്കി 8,84,000 രൂപ തടസ്സത്തിൽ വെക്കുന്നു. (വിനിയോഗവിവരം വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( 7/8-5-19) മറുപടി ലഭ്യമായിട്ടില്ല.

# 3-2 എസ്.സി കോളനികളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല

പ്രൊജക്റ്റ് - 30/18 എസ്.സി കോളനികളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

ചെലവ് - 10 ലക്ഷം രൂപ ട്രഷറി ബിൽ നമ്പർ 3/29-1-18.

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ 30/18 എസ്.സി കോളനികളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റിൽ മൂന്ന് സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 1.പള്ളിക്കര പറയൻകോളനി, നന്നംമുക്ക്, 2. പൂക്കൈത കോളനി വെളിയങ്കോട്, 3. കക്കിടിപ്പുറം കോളനി ആലംകോട് എന്നിവിടങ്ങളിൽ വിളക്കുകൾ സ്ഥാപിക്കുന്നതിന് UNITED ELECTRICAL INDUSTRIES പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിന് ട്രഷറി ബിൽ 3/29.1.18 പ്രകാരം 10 ലക്ഷം രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് 30 ദിവസത്തിനുള്ളിലാണ് തുക നൽകേണ്ടത്. (കരാറിൽ ആയത് ഒപ്പ് വച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ച് ഒരു വർഷത്തെ പ്രവർത്തനത്തിന് ശേഷം വാർഷിക മെയിന്റനൻസ് കരാറിൽ ഏർപ്പെടുമെന്ന കരാർ വ്യവസ്ഥയിലെ തുടർ നടപടികളും ലഭ്യമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. (പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( 8/8-5-19) മറുപടി

ലഭ്യമായിട്ടില്ല. ) പൂർത്തീകരണ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തുക 10 ലക്ഷം തടസ്സത്തിൽ വെക്കുന്നു.

# 3-3 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം-രേഖകൾ ലഭ്യമല്ല -തുക തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ.

പ്രൊജക്ട് നം - 28/18

ബിൽ നം - 8/27.10.17

തുക -10,50,000/-(75000x14)
ഓഡിറ്റ് എൻക്വയറി നമ്പർ – 2/7-5-19

പദ്ധതി പ്രകാരം കെൽട്രോൺ, കുറ്റിപ്പുറത്തിൽ നിന്നും ഇൻവോയ്സ് നം. MKTG/TRD/0010/17-18 dt.26.10.17 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച 14 സ്കൂട്ടറുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകി. ഗുണഭോക്താക്കൾ സ്കൂട്ടർ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

സ.ഉ (എം.എസ്) നം.80/2017/ത.സ്വ.ഭ.വ തി. 30.04.17 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിക്കണമെങ്കിൽ ഗുണഭോക്താവ് 40% ലേറെ വൈകല്യമുള്ള വ്യക്തിയാണെങ്കിൽ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ഒരു ലക്ഷം/രണ്ട് ലക്ഷം(എസ്.സി) രൂപയിൽ താഴെ വാർഷിക കുടുംബവരുമാനമുള്ള കുടുംബത്തിലെ അംഗമാകണമെന്നും 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച വ്യക്തിയാവരുത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോകാതാക്കൾക്ക് മുൻവർഷങ്ങളിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്കൂട്ടർ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. കൂടാതെ ലൈസൻസ്, വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കാത്ത 11 ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|
| 1 | നവാസ്, കുമ്മിൽ ഹൗസ് പുതിയിരുത്തി | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | മുനീറ.കെ.എ. കണ്ടക്കോട്ട് പുതിയിരുത്തി | ഡ്രൈവിങ്ങ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. |
| 3 | ഷൗക്കത്തലി തറമലവളപ്പിൽ ആലംകോട് | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | തങ്കമണി | ഡ്രൈവിങ്ങ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| | കാരയിൽ<br>പെരുമുക്ക്<br>ആലംകോട് | |
| 5 | സ്വരാജ്<br>പാലക്കയിൽ ഹൗസ്<br>നന്നംമുക്ക് | ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 6 | വിവേക്.എം.എം<br>മേനോത്ത് ഹൗസ്<br>മാക്കാലി | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 7 | ഗോപി.കെ.<br>കളത്തിൽ<br>കോതമുക്ക് | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 8 | മുഹമ്മദ്.എ<br>അണ്ടിപ്പാട്ടിൽ<br>വെളിയംകോട് | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 9 | പ്രശാന്ത്<br>തെക്കേപ്പുരക്കൽ<br>കാഞ്ഞിരമുക്ക് | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 10 | സുമേഷ് കുമാർ<br>വല്ലകത്ത്<br>മാറഞ്ചേരി | വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ്ങ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 11 | അബ്ദു റഹ്മാൻ<br>മൂരിക്കയിൽവക്കത്ത്<br>കാഞ്ഞിരമുക്ക് | ഡ്രൈവിങ്ങ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. |

മേൽ പ്രകാരം ലഭ്യമല്ലാത്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നതു വരെ മേൽ ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ച 825000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 സ്പെക്ട്രം സ്പെഷൽ സ്കൂൾ തുടർ പ്രവർത്തനം

# -വാഹനത്തിന് ഇന്ധനം വാങ്ങിയത് സ്റ്റോക്കിൽ കുറവ് രേഖപ്പെടുത്തി.

പ്രോജക്റ്റ് നം. 25/18

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ.

ബിൽ നം. തി.07/09.10.17 -104295

സ്പെക്ട്രം സ്പെഷൽ സ്കൂളിലെ വാഹനമായ KL_54 C -2018 നമ്പർ വാഹനത്തിന് പുന്നയൂർക്കുളം അമൽ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം ഡീസൽ വാങ്ങിയിട്ടുണ്ടെങ്കിലും ലോഗ് ബുക്കിൽ അളവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇന്റന്റ് നം.തി | വാങ്ങിയ അളവ് | ലോഗ് ബുക്കിൽ രേഖ പ്പെടുത്തിയ അളവ് | അധികം | തുക |
|---|---|---|---|---|---|
| 1 | 2634/02.08.17 | 44.52 @60 | 42 പേജ് നം.257 | 2.52@60 | 151.2 |
| 2 | 2755/08.08.17 | 45.42 @61.06 | 42 പേജ് നം.261 | 3.42@61.06 | 208.82 |
| 3 | 42/14.08.17 | 44.41 @61.62 | 42 പേജ് നം.265 | 2.41@61.62 | 148.50 |
| 4 | 193/21.08.17 | 44.18@ 61.36 | 42 പേജ് നം.269 | 2.18@61.36 | 133.76 |
| 5 | 260/24.08.17 | 45.82@61.41 | 42 പേജ് നം.272 | 3.82@61.41 | 234.58 |
| 6 | 405/30.08.17 | 43.98@61.36 | 42 പേജ് നം.275 | 1.98@61.36 | 121.49 |
| | | | | | 998.35 |

ഇന്ധനം വാങ്ങിയത് കുറവ് സ്റ്റോക്കിലെടുത്തത് മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 3/7-5-19)

# 3-5 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമ പഞ്ചായത്ത് വിഹിതം -പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 27/18

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ.

ബിൽ നം. തി.06/15.09.17 -560000/-

മേൽ പ്രോജക്റ്റ് പ്രകാരം ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി പെരുമ്പടപ്പ്, മാറഞ്ചേരി, വെളിയംകോട് എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറിയിരുന്നു. എന്നാൽ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്ന 121000/- രൂപയുടെ പൂർത്തീകരണ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി – 4/7-5-19)

## 3-6 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഏതാനും ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | നൽകിയ തുക |
|---|---|---|---|
| 1. | അബ്ദുള്ള കുട്ടി, ചെറുളത്തേൽ | മാറഞ്ചേരി | 76000 |
| 2. | നഫിസ കോതക്കോയിൽ | മാറഞ്ചേരി | 264000 |
| 3. | ജാനകി ആലങ്ങാട്ട് | മാറഞ്ചേരി | 216000 |
| 4. | ലക്ഷ്മി ചാലപ്പുറത്ത്, അമ്മിണി മൂത്തേടത്ത് | മാറഞ്ചേരി | 323000 |
| 5. | അമ്മിണി മൂത്തേടത്ത് | മാറഞ്ചേരി | 264000 |
| 6. | രാധ ഒലിയിൽ പടിഞ്ഞാക്കര | നന്നംമുക്ക് | 214000 |
| 7. | കുഞ്ഞി മുഹമ്മദ്, ചാലിൽ | പെരുമ്പടപ്പ് | 234000 |
| 8. | പാത്തുണ്ണി തെക്കേപ്പുറത്ത് | പെരുമ്പടപ്പ് | 126000 |
| 9. | ഉമ്മാച്ചു തയ്യിൽ | പെരുമ്പടപ്പ് | 48000 |
| 10. | ബീവി പുളിക്കൽ | പെരുമ്പടപ്പ് | 76000 |
| 11. | സുലൈമാൻ ചെത്തോണിയിൽ | പെരുമ്പടപ്പ് | 108000 |
| 12. | മൻസൂർ, ആല്യങ്ങൽ | പെരുമ്പടപ്പ് | 76000 |
| 13. | ഹംസക്കുട്ടി മരക്കാരകത്ത് | പെരുമ്പടപ്പ് | 108000 |
| 14. | സുലൈമാൻ, തോണിക്കടവിൽ | പെരുമ്പടപ്പ് | 107000 |
| 15. | മുഹമ്മദ് കേരന്റകത്ത് | പെരുമ്പടപ്പ് | 96000 |
| 16. | മുല്ല അല്യാമിന്റകത്ത് | പെരുമ്പടപ്പ് | 266000 |
| 17. | | | |

| | | | |
|---|---|---|---|
| | മറിയ കട്ടിനാകത്ത് | പെരുമ്പടപ്പ് | 48000 |
| | **ആകെ** | | **2650000** |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറിക്ക് (15/10.5.19) മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-7 സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, (CHC) നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, സി.എച്.സി.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(<u>5 /8.5.2019</u>)** മറുപടി നൽകിയിട്ടില്ല. വിശദ വിവരം ചുവടെ:

| ക്രമ നം | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് - പേര് | ബിൽ നം/ തിയ്യതി | ബിൽ തുക |
|---|---|---|---|---|
| 1 | 35/ 2017-18 | സി.എച്.സിക്ക് ഫർണീച്ചറും മറ്റു അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ | 1/2017-18, 31.10.17 | 239813 |
| 2 | 40/ 2017-18 | പാലിയേറ്റീവ് കെയർ- മരുന്ന്<br>പാലിയേറ്റീവ് കെയർ- ഉപകരണങ്ങൾ | 8/2017-18, 21.3.18<br>8/2017-18, 21.3.18 | 354000<br>246000 |
| 3 | 43/ 2017-18 | സി.എച്.സിക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 4/2017-18, 14.2.18 | 240460 |
| 4 | 44/ 2017-18 | സി.എച്.സിക്ക് പുതിയ കെട്ടിടത്തിന് വനിതാ വാർഡ് സൗകര്യം ഒരുക്കൽ | 3/2017-18, 6.11.17<br>7/2017-18, 21.3.18 | 493889<br>6111 |
| 5 | 46/ 2017-18 | സി.എച്.സിക്ക് പുതിയ കെട്ടിടത്തിൽ പ്രായമുള്ളവർക്ക് സൗകര്യമൊരുക്കൽ | 2/2017-18, 6.11.17<br>5/2017-18, 8.3.18<br>9/2017-18, 23.3.18<br>6/2017-18, 21.3.18 | 123276<br>309082<br>40860<br>226782 |
| | ആകെ | | | 2280273 |

മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിവരം ലഭ്യമാക്കുന്നത് വരെ 2280273 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 5/8-5-19)

## 3-8 പ്ലാസ്റ്റിക് ഷ്രെഡ്ഢിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആലംകോട് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം-പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം 58/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി
ബിൽ നം. തി. 07/22.7.17 -1600000/-

മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് വേണ്ടി ആലംകോട് ഗ്രാമ പഞ്ചായത്തിന് 1600000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ പൂർത്തീകരണവിവരം നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 11/9-5-19)

## 3-9 ശുചിത്വമഹത്വം, സുജീവിതം - നന്നംമുക്ക് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് ഷെയർ നൽകിയത് -ബാക്കിയുള്ള തുക തിരിച്ചടവാക്കേണ്ടതാണ്.

നിർവ്വവഹണോദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ് നം. 57/18

ബിൽ നം. തി. തുക -14/28.10.17 -തുക -5,00,000/-

മേൽ പ്രോജക്റ്റ് പ്രകാരം ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് അജൈവ മാലിന്യങ്ങളെ പുനരുപയോഗത്തിനായി മാറ്റുകയും, പ്ലാസ്റ്റിക് തുടങ്ങിയ മണ്ണിനും നാടിനും ദോഷകരമായ പാഴ്‌വസ്തുക്കളുടെ ഉപയോഗം കുറക്കുകയും ചെയ്യുകയാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്റ്റിനു വേണ്ടി ബ്ലോക്ക് വിഹിതമായി 5,00,000/- രൂപ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ പൂർത്തീകരണസാക്ഷ്യപത്രം പ്രകാരം ആകെ 414051/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ള 85949/- രൂപ തിരിച്ചടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 10/09-05-19)

## 3-10 മൂക്കുതല പ്രീ-മെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണിച്ചർ-സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 66/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം. തി. 40/28.3.18 -80,092/-

മൂക്കുതല പ്രീ-മെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചർ പദ്ധതി പ്രകാരം കാഡ്കോയിൽ നിന്നും ഇൻവോയ്സ് നം. KADCO/NRO/sales/17-18/402/dt.27.03.18 പ്രകാരം തേക്കിന്റെ രണ്ട് അലമാരകൾ 80,092/- രൂപയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് സ്ഥാപനത്തിന് കൈമാറിയ രേഖകൾ

ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച 80,092/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 14/9-5-19).

## 3-11 പി.എച്ച്.സി പുതിയ കെട്ടിടത്തിൽ സ്ത്രീകളുടേയും,കുട്ടികളുടേയും വിശ്രമമുറി സൗകര്യമൊരുക്കൽ- മുഴുവൻ ഇനങ്ങളും ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം. 19/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം. തി. 33/19.03.18 -338680/-

„ 37/22.03.18-131320/-

മേൽ പ്രോജക്റ്റിന് വേണ്ടി കാന്റീഡ് സിസ്റ്റംസ്&ടെക്നോളജീസ് എന്ന സ്ഥാപത്തിൽ നിന്നും ഇൻവോയ്സ് നം. CS451/22.03.18 പ്രകാരം 141330/ രൂപയുടെ ഉപകരണങ്ങളും കാഡ്കോയിൽ നിന്ന് ഇൻവോയ്സ് നം. KADCO/NRO/sales/17-18/288 dt.16.03.18 പ്രകാരം 338680/ രൂപയുടെ ഫർണ്ണീച്ചറും വാങ്ങിയിട്ടുണ്ട്. മേൽ പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുക്കുകയോ, വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ഥല പരിശോധന നടത്തിയതിൽ ഇൻവോയ്സ് നം. KADCO/NRO/sales/17-18/288 dt.16.03.18 ഇനം 5 പ്രകാരം വാങ്ങിയ വുഡൻ ഫോൾഡിങ്ങ് ടൈപ്പ് പാർട്ടീഷൻ 3എണ്ണം (17330*3=51990 +GST 18% – 9358 = 61348) നാളിതു വരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 61,348 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 4,70,000/- രൂപയിൽ നിരാകരിച്ച തുക കഴിച്ച് ബാക്കി തുക 4,08,652/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി – 14/9-5-19)
വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില പണം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ഐ.കെ.എം. വിഹിതം നൽകിയത് -കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 48/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം. തി. 09/11.08.17 -31864/-

മേൽ പ്രോജക്റ്റ് പ്രകാരം ഐ.കെ.എം. വിഹിതമായി 31864/-രൂപ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 12/09-05-19)

## 3-13 പകൽ വീട്-ഫർണ്ണിച്ചർ അനുബന്ധസൗകര്യങ്ങൾ- ഉപകരണങ്ങൾ വാങ്ങിയത് നാളിതു വരെ

# ഉപയോഗപ്പെടുത്തിയിട്ടില്ല

പ്രോജക്റ്റ് നം -22/18

ബിൽ നം. തി. 36/23.03.18 -30438

,, 29/19.03.18 -269562

പകൽവീട്ടിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഇൻവോയ്സ് നം. CS369/19.2.18 പ്രകാരം 51200/- രൂപയുടെ ഉപകരണങ്ങൾ കാന്റിഡ് സിസ്റ്റംസ്&ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 09.05.19 ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ KENT വാട്ടർ പ്യൂരിഫയർ (ഇനം.2), സാംസങ്ങ് 32”TVഇനം 1), ഇൻഡക്ഷൻ കുക്കർ (ഇനം.3)എന്നിവ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ആയത് ഉപയോഗ പ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 പി.എം.എ.വൈ അധികവിഹിതം -അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

ജി.ഒ.(പി) നം. 640/18 ത.സ്വ.ഭ.വ. തി. 07.03.18 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വീടുകളുടെ ധനസഹായം 400000/- ആയി ഉയർത്തുകയും 23.11.17 ന് ശേഷം 2016-17 സ്പിൽ ഓവർ പദ്ധതികൾക്ക് ബാക്കി തുകയുടെ ആനുപാതികമായ വർദ്ധനവ് കണക്കാക്കി അനുവദിക്കുന്നതിനും ഉത്തരവായിരുന്നു. ജനറൽ ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷവും എസ്.സി. ഗുണഭോക്താക്കൾക്ക് മൂന്ന് ലക്ഷവുമാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്. എന്നാൽ തൻവർഷം ആനുപാതിക വർദ്ധനവ് നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അർഹതയുള്ളതിനേക്കാളധികം തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | 23-11-17 വരെ നൽകിയ തുക | അധിക വിഹിതം നൽകേണ്ടത് | നൽകിയത് | അധികം |
|---|---|---|---|---|---|
| 1 | ദേവയാനി, (ജനറൽ) W/o ഷൺമുഖൻ<br>മേനോത്ത്, പിടാവന്നൂർ | 176000 (88%) | 48000 | 64000 | 16000 |
| 2 | രവീന്ദ്രൻ, (ജനറൽ) s/oവേലായുധൻ<br>കല്ലേപറമ്പിൽ, മാറഞ്ചേരി | 176000 (88%) | 48000 | 64000 | 16000 |
| 3 | ഷറഫുദ്ദീൻ, (ജനറൽ) കിഴക്കകത്ത്<br>വെളിയംകോട് | 176000 (88%) | 48000 | 64000 | 16000 |
| 4 | അന്നത്ത് കിഴക്കേ ഒതളക്കാട്ടിൽ | 176000 (88%) | 48000 | 64000 | 16000 |

| | | | | | |
|---|---|---|---|---|---|
| | വെളിയംകോട് | | | | |
| 5 | ചക്കി, (SC)<br>w/o കോരൻ<br>മനക്കടവത്ത്,<br>ആലംകോട് | 251000<br>(83.6%) | 65600 | 109000 | 43400 |
| 6 | ധന്യമോൾ (SC)<br>w/o ദിലീപ് കുമാർ<br>കല്ലേലവളപ്പിൽ,<br>നന്നംമുക്ക് | 244500<br>(81.5%) | 74000 | 87333 | 13333 |
| ആകെ | | | | | 1,20,733 |

മേൽ ഗുണഭോക്താക്കളിൽ നിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 15/10-5-19)

## 3-15 അംഗീകൃത മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് പഠന സൗകര്യം-രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 32/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം. തി. 12/31.08.17 -. 499968/-

മേൽ പദ്ധതി പ്രകാരം കാഡ്കോയിൽ നിന്നും 3725 (ജി.എസ്.ടി ഉൾപ്പെടെ) രൂപ വിലയുള്ള 100 മേശയും 1275 (ജി.എസ്.ടി ഉൾപ്പെടെ) രൂപ വിലയുള്ള 100 കസേരയും, ഇൻവോയ്സ് നം. KADCO/NRD/sales/2017-18/12/dt.19.08.17 -249984/-, ഇൻവോയ്സ് നം. KADCO/NRD/sales/2017-18/13/dt.19.08.17 -249984/- എന്നിവ പ്രകാരം വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾ മത്സ്യതൊഴിലാളിയുടെ മക്കളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ് |
|---|---|---|---|
| 1 | ജി.എഫ്.യു.പി.എസ്.പാലപ്പെട്ടി | സൽമാൻ ഫാരിസ്, കറുത്താരൻ | 5 |
| 2 | ജി.എം.യു.പി.സ്കൂൾ,വെളിയംകോട് | മുഹമ്മദ് സ്വാലിഹ്. | 5 |
| 3 | ,, | ഫിദാൻ മനാഫ് | 5 |
| 4 | ,, | ആദിത്യൻ | 5 |
| 5 | ,, | മുഹമ്മദ് അനസ് | 5 |
| 6 | ,, | ഫാത്തിമത്തുഷാലിമ | 6 |

| | | | |
|---|---|---|---|
| 7 | „ | ഫാരിസ് റഹ്മാൻ | 6 |
| 8 | „ | കരാമത്ത്.പി.കെ. | 7 |
| 9 | „ | നബീല | 6 |
| 10 | „ | അലീമത്തു ഷഹദിയ | 7 |
| 11 | „ | ഹർഷാദ്. ടി.എം. | 7 |
| 12 | „ | ലിജുഹക്ക് | 7 |
| 13 | „ | ഫെമിന | 7 |
| 14 | „ | അഫ്ത്താബ്റഹ്മാൻ | 7 |
| 15 | „ | ഷഹന.വി. | 6 |
| 16 | „ | ഇംതിയാസ്. | 6 |
| 17 | | അർഷിദ | 5 |
| 18 | | നിത ഷെറിൻ | 7 |
| 19 | | സിയാദ്.വി.എസ്. | 7 |

മേൽ ഗുണഭോക്താക്കളുടെ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 19 ഗുണഭോക്താക്കൾക്ക് നൽകിയ 95,000 (19 x 5000) ie., (3725 + 1275) രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി – 13/9-5-19)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3871000 | പി.എം.എ.വൈ. | 3871000 | 0 |
| ഗ്രാമ പഞ്ചായത്തുകൾ | 2385000 | പി.എം.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം | 2385000 | ० |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച്

പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| PWD | ഒ.എൻ.വി ഹാൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 22/24-10-17<br>20/24-10-17 | 1120000 | 1120000 | പൂർത്തീകരിച്ച | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

| ക്ര.നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | പി.എം.എ.വൈ. ലോൺ | ബി.456/13 തിയ്യതി. 13/02/2016 | 5829000 | 972552 | 972552 | | 0 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ.റി വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(9) | 2007-08 | 3(4) | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം റിലീസ് ചെയ്യാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചത്. | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3(4) | 2007-08 | 3(4) | കുടിവെള്ള പദ്ധതി ലക്ഷ്യം നേടിയില്ല | തടസ്സം തുടരുന്നു |
| 2003-04 | 3(12) | 2007-08 | | വൗച്ചറുകൾ ഹാജരാക്കിയില്ല | തടസ്സം തുടരുന്നു |
| 2002-03 | 3(9) | 2007-08 | | വൗച്ചറുകൾ ഹാജരാക്കിയില്ല | തടസ്സം തുടരുന്നു |
| 2002-03 | 3(4) | 2007-08 | | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല | തടസ്സം തുടരുന്നു |
| 2003-04 | 3(8) | 2007-08 | | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല | തടസ്സം തുടരുന്നു |
| 2004-05 | 3(7) | 2007-08 | | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല | തടസ്സം തുടരുന്നു |
| 2000-01 | 2(3) | 2007-08 | 2(3) | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല | തടസ്സം തുടരുന്നു |
| 2003-04 | 3(4) | 07-08 | 3(1) | വൈദ്യുദീകരണം നടത്താത്തതിനാൽ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | |

# 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പടെ) | 11,63,84,353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,24,11,598 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62346 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7325881 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-4 | -- | 998 | ശ്രീമതി.ലളിത.കെ |

| | | | |
|---|---|---|---|
| | | | ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) |
| 3-11 | -- | 61348 | ശ്രീ.ജോസ്. കെ.വി, സെക്രട്ടറി |
| ആകെ | | 62,346 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8,84,000 | ശ്രീമതി. സിനി ടി ഡി<br>പട്ടിക ജാതി വികസന ഓഫീസർ |
| 3-2 | 10,00,000 | ശ്രീ. മുനീർ റഹ്മാൻ, പട്ടികജാതി വികസന ഓഫീസർ |
| 3-3 | 825000 | ശ്രീമതി സൗദാബി, സി.ഡി.പി.ഒ |
| 3-5 | 121000 | ശ്രീമതി.ലളിത.കെ<br>ശിശു വികസന പദ്ധതി ഓഫീസർ<br>(സി.ഡി.പി.ഒ) |
| 3-7 | 2280273 | ഡോ.സുനിൽ ലാൽ<br>കാഞ്ഞീരത്തിങ്കൽ<br>മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| 3-8 | 1600000 | ജോസ്. കെ.വി, സെക്രട്ടറി |
| 3-10 | 80092 | ജോസ്. കെ.വി, സെക്രട്ടറി |
| 3-11 | 408652 | ജോസ്. കെ.വി, സെക്രട്ടറി |
| 3-12 | 31864 | ജോസ്. കെ.വി, സെക്രട്ടറി |
| 3-15 | 95000 | ജോസ്. കെ.വി, സെക്രട്ടറി |
| **ആകെ** | 73,25,881 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം</u>**

**മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലളിത.കെ ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) | ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | വിജയ ഭവനം, ചാത്തുകുളം, പൊരുവഴി, കൊല്ലം |
| ശ്രീ.ജോസ്. കെ.വി, സെക്രട്ടറി | റിട്ടയേർഡ് | കോലടി ഹൗസ്, വൈശേരി ബസാർ കുന്നംകുളം – തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.എം 4/1567/05 തിയതി 7.6.2006 | 8 |
| 1999-00 | എൽഎഫ്.എം 9/190/06 തിയതി 7.06.2006 | 11 |
| 2000-01 | എൽഎഫ്.എം 10/966/07 തിയതി 22.1.2008 | 2 |
| 2002-03 | എൽഎഫ്.എം 10/968/07 തിയതി 22.1.2008 | 2 |
| 2003-04 | എൽഎഫ്.എം 10/969/07 തിയതി 19.1.2007 | 1 |
| 2004-05 | എൽഎഫ്.എം 10/970/07 തിയതി 16.10.2007 | 1 |
| 2005-06 | എൽഎഫ്.എം 10/971/07 തിയതി 25.10.2007 | 3 |
| 2006-07 | എൽഎഫ്.എം 15/486/10 തിയതി 5.7.2010 | 4 |
| 2007-08 | എൽഎഫ്.എം 15/487/10 തിയതി 11.6.2010 | 4 |
| 2008-09 | എൽഎഫ്.എം 4/516/12 തിയതി 12.4.12 | 3 |
| 2009-10 | എൽഎഫ്.എം 4/517/12 തിയതി.12.4.12 | 5 |
| 2010-11<br>2012-13 | എൽഎഫ്.എം 4/1371/2014 തിയതി 23.8.14 | 15 |
| 2013-14 | എൽഎഫ്.എം 4/283/2015 തിയതി 25.2.15 | 5 |
| 2014-15 | കെ.എസ്.എ.എം.പി.എം.8/2736/15 തിയതി :27-11-2015 | 8 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.8/684/2017 തിയതി :22-03-2017 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.8/2488/2017തിയതി29.11.17 | 15 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

# 5-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം8/1314/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 18-06-2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **പെരുമ്പടപ്പ് ബ്ലോക്ക്** പഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പെരുമ്പടപ്പ് ബ്ലോക്ക്** പഞ്ചായത്തിന്റെ **2017-18** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**